**Kerala Catholic Bishops' Council (KCBC)**

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India

Tel: +91-484-2805722, 2805815

E-mail : deputysecretarykcbc@gmail.com, www.kcbcsite.com


All Kerala Press Release 04-12-2023

*Ref: 910KCBC/K-6/KPR/DS*

## യുവത്വം അതിവേഗത്തിൽ സഞ്ചരിക്കുന്ന കാലഘട്ടം : കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ

കൊച്ചി : യുവത്വം അതിവേഗത്തിൽ സഞ്ചരിക്കുന്ന അനുഭവമാണ് ഓരോ വ്യക്തിക്കും സ്വജീവിതത്തിൽ കാണാനാകുന്നത്. ഇന്ന് യുവജനങ്ങൾ അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾക്കു സമാനമായവ തങ്ങളുടെ ജീവിതത്തിൽ മുന്നേ അനുഭവിച്ചവരാണ് മുതിർന്ന പൗരന്മാർ. അതുകൊണ്ട് ഇന്നത്തെ യുവജനങ്ങളോടൊപ്പം നടക്കാനും അവരെ ധൈര്യപ്പെടുത്തി വ്യക്തമായ ജീവിത ദർശനം നൽകാനും മുതിർന്നവർക്കാകണം എന്ന് കെ.സി.ബി.സി. പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ പ്രസ്താവിച്ചു. കത്തോലിക്കാ സഭയുടെ പാസ്റ്ററൽ കൗൺസിലായ കെസിസിയുടെ ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യുവജനങ്ങൾ സഭയുടെ പ്രത്യാശയും ചൈതന്യവുമാണ്. ജീവിതത്തിന്റെ സങ്കീർണ്ണത നിറഞ്ഞ കാലഘട്ടത്തിൽ അവർ ഒറ്റക്കല്ല എന്ന ബോധ്യം അവർക്കു നൽകുന്നതിനും അവരെ കൂടെ നിർത്തുന്നതിനും സഭയും സമൂഹവും ബദ്ധശ്രദ്ധരാകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കെ.സി.ബി.സി. വൈസ് പ്രസിഡന്റ് ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷത വഹിച്ചു. **"കത്തോലിക്കാ യുവജനങ്ങൾ : വെല്ലുവിളികളും പ്രതിസന്ധികളും ഭാവിയും"** എന്ന വിഷയത്തെ അധികരിച്ച് ശ്രീമതി ബീനാ സെബാസ്റ്റ്യൻ പ്രബന്ധം അവതരിപ്പിച്ചു. കെ.സി.ബി.സി. സെക്രട്ടറി ജനറൽ ബിഷപ്പ് അലക്സ് വടക്കുംതല മോഡറേറ്റർ ആയിരുന്നു. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ശ്രീമതി ജെസ്സി ജെയിംസ്, ശ്രീ ടോമി ഈപ്പൻ എന്നിവർ പ്രസംഗിച്ചു. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ എത്രയും വേഗം നടപ്പിലാക്കണമെന്ന് കെ.സി.സി. പ്രമേയത്തിലൂടെ കേരള സർക്കാരിനോട് ആവശ്യപ്പെട്ടു. ജെ. ബി. കോശി കമ്മീഷൻ അംഗവും രാഷ്ട്രപതിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുമായിരുന്ന ശ്രീ. ക്രിസ്റ്റി ഫെർണാണ്ടസ്സിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**

ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./

ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ - കെസിബിസി - കെസിസി ജനറൽ ബോഡി യോഗം കെ.സി.ബി.സി. പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു. ബിഷപ് മാർ പോളി കണ്ണൂക്കാടൻ, ബിഷപ് അലക്സ് വടക്കുംതല, പ്രൊഫ. ബീന സെബാസ്റ്റ്യൻ, ജെസ്സി ജെയിംസ്, ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി എന്നിവർ സമീപം.


**PRESIDENT**
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

**VICE-PRESIDENT**
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

**SECRETARY GENERAL**
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chowva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

**DEPUTY SECRETARY GENERAL**
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com